**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2562** **15-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ വികസന പ്രക്രിയയിൽ കേരള ബാങ്കിന്റെ പങ്ക് കൂടുതൽ വിപുലമാക്കുന്നതിന് പ്രാഥമിക സംഘങ്ങളും തദ്ദേശസ്ഥാപനങ്ങളുമായിചേർന്ന് പ്രവർത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തന പുരോഗതിയും ശാക്തീകരണവും ലക്ഷ്യമിട്ട് താലൂക്ക്, ജില്ലാ, റീജിയണൽ തലങ്ങളിൽ ബാങ്ക് ഭരണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ വെവ്വേറെ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികൾ, സർക്കാർ, നബാർഡ് പ്രതിനിധികൾ എന്നിവരെയും ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ബാങ്കും പ്രാഥമിക സംഘങ്ങളും തമ്മിൽ ഊഷ്മളമായ ബന്ധം നിലനിർത്തുന്നതിനും സംഘങ്ങളുടെ വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമാണ് മുഖ്യമായും ടി കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്.<br><br>കേരള ബാങ്കിന്റെ അംഗ സംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ദുർബലമായതും പ്രവർത്തന മാന്ദ്യം സംഭവിച്ചതുമായ സഹകരണ സംഘങ്ങളെ പ്രവർത്തനോന്മുഖമാക്കി ലാഭത്തിലെത്തിക്കാനുള്ള കർമ്മ പദ്ധതി കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതു സംബന്ധിച്ച് ഒരു പുനരുദ്ധാരണ പദ്ധതിയ്ക്ക് കേരള ബാങ്കിന്റെ ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്.. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ദുർബലമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി KB PACS Development scheme എന്ന പേരിൽ ഒരു വായ്പാ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഈ പുനരുദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ്, വെള്ളപ്പൊക്കം, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവ കനത്തതോതിൽ ആഘാതമുണ്ടാക്കിയ ഇടുക്കി ജില്ലയിലെ 20 സഹകരണ സംഘങ്ങളെ ഈ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 15 സംഘങ്ങൾക്ക് വായ്പാ സഹായമായി 89 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൃശൂർ, ആലപ്പുഴ ജില്ലകളിലെ പ്രാഥമിക സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പാ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് കേരളത്തിന്റെ സുസ്ഥിര വികസനത്തിന് സഹായകരമായ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് കേരള ബാങ്ക് സജ്ജമാണ്. നിലവിൽ ഇ.എം.എസ് ഭവന പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തി വരുന്നു. തുടർന്നും തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിവിധ പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് ബാങ്ക് മുൻഗണന നൽകുന്നു. |

സെക്ഷൻ ഓഫീസർ